"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: KTDS/695/2022-C

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഫാക്സ് നമ്പർ: 0495 2357329
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 03-09-2022

**ക്വട്ടേഷൻ നോട്ടീസ് നമ്പർ: 02**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്പ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റസ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് - 17 ലേക്ക് 2022 - 23 സാമ്പത്തിക വർഷത്തെ പരിപാടികളിലേക്ക് താഴെ പറയുന്ന രീതിയിലുള്ള ബാഗ് വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്ഷണിക്കുന്നു.

**ഉൽപന്നത്തിൻറെ വിവരങ്ങൾ**

I. Travel Bag/Water proof Back pack

Colour – Black/Light blue/Light Green/Grey

Size – Length 50 cm, Width 12 cm, Thickness 20 cm

Strap – 1 ½",

Zipper Size – 08 mm

Material – Nylon/Rip-Stop Nylon/Polyester pack cloth/PVC Fabric

Double stitch with protection

Inside pocket for Laptop and Mobile

Three side Pockets

Outside pocket for water bottle

Lining PV Cloth

Guarantee: 6 months replacement

1. 2023 മാർച്ച് 31 വരെയുള്ള വകുപ്പിന്റെ പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് ബാഗ് വിതരണം ചെയ്യുന്നതിനാണ് ഈ ക്വട്ടേഷൻ ക്ഷണിക്കുന്നത്.

2. ഓരോ പരിപാടികൾക്കും ആവശ്യമായ ബാഗുകൾ ബന്ധപ്പെട്ടവരുടെ നിർദ്ദേശമനുസരിച്ച് സ്വന്തം ചെലവിൽ കിർടാഡ്സ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

3. ബാഗ് വിതരണം ചെയ്യുന്നതിനുള്ള നിരക്ക് + ജി.എസ്.ടി തുകയാണ് ക്വാട്ട് ചെയ്യേണ്ടത്.

4. ഓരോ ബാഗിനും ആവശ്യമായ നിരക്ക് പ്രത്യേകം പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

5. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

6.ലൈസൻസിന്റെയും പാൻകാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. ബാഗ് വിതരണം ചെയ്യുന്ന ഓരോ ബില്ലിൽ നിന്നും അതതു സമയത്ത് പ്രാബല്യത്തിലുള്ള ആദായ നികുതി കുറവ് ചെയ്യുന്നതാണ്.

8. ക്വട്ടേഷനോടൊപ്പം ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ബാഗിന്റെ ഒരു മാതൃക ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

9. കേരള സർക്കാറിന്റെ ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

10. മുദ്രവെച്ച കവറുകൾ 15/09/2022 ന് വൈകുന്നേരം 4 മണി വരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

11. ലഭിച്ച ക്വട്ടേഷനുകൾ 19/09/2022 ന് 11.30 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ താത്ക്കാലിക മായി ഉറപ്പിക്കുന്നതുമായിരിക്കും.

12. ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടവർ ക്വാട്ട് ചെയ്ത തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി "ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്" എന്ന പേരിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്.

Signed by
Sreedhanya Suresh
Date: 05-09-2022 11:55:05

ഡയറക്ടർ

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
3. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
4. കമ്പ്യൂട്ടർ ഓപ്പറേറ്റർ,കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ആഫീസ് പകർപ്പ്
6. കരുതൽ ഫയൽ

കോഴിക്കോട്
-673017